## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 662** **01.12.2015-ൽ മറുപടിയ്ക്ക്**

### ചാലക്കുടി പ്രീ-മെട്രിക് ഹോസ്റ്റൽ

**ചോദ്യം**
ശ്രീ.ബി.ഡി.ദേവസ്സി

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ചാലക്കുടി ഗവ.ഗേൾസ് ഹൈസ്കൂൾ കോമ്പൗണ്ടിൽ 46 സെന്റ് സ്ഥലം ഉടമസ്ഥാവകാശം വിദ്യാഭ്യാസ വകുപ്പിൽ തന്നെ നിലനിർത്തി പട്ടികവർഗ്ഗ വിഭാഗക്കാരായ പെൺകുട്ടികൾക്കായി ഒരു പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ; | എ) & ബി) | ചാലക്കുടി ഗവ. ഗേൾസ് ഹൈസ്കൂളിന്റെ കൈവശമുള്ള 46 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പൊതു വിദ്യാഭ്യാസ വകുപ്പിൽ നിലനിർത്തി ചാലക്കുടി പ്രീമെട്രിക് ഹോസ്റ്റൽ (ഗേൾസ്) കെട്ടിടം നിർമ്മിക്കുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| ബി) | കെട്ടിട നിർമ്മാണത്തിനായി അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സർക്കാർ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ